# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 1554.

01-11-2019 ൽ മറുപടിയ്ക്ക്

## കളിമണ്ണ് ഖനനം ചെയ്ത പാടശേഖരങ്ങളിൽ കൃഷിയിറക്കുന്നതിന് പദ്ധതി

| ചോദ്യം<br>ശ്രീ.ബി.ഡി. ദേവസ്സി | | മറുപടി<br>ശ്രീ. വി.എസ്. സുനിൽകുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
|---|---|---|
| (എ) തൃശ്ശൂർ ജില്ലയിൽ മുൻകാലങ്ങളിൽ ഓട്ടുകമ്പനികൾക്കായി കളിമണ്ണ് ഖനനം ചെയ്ത് വലിയ കുഴികളായി കൃഷിയ്ക്ക് യോഗ്യമല്ലാതായിതീർന്ന പാടശേഖരങ്ങൾ വീണ്ടും കൃഷിയിറക്കുന്നതിന് സജ്ജമാക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;<br>(ബി) ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ? | (എ) & (ബി) | കളിമണ്ണ് ഖനനം ചെയ്ത വലിയ കുഴികളായി കൃഷിയ്ക്ക് യോഗ്യമല്ലാതായിത്തീർന്ന പാടശേഖരങ്ങളിൽ വീണ്ടും കൃഷിയിറക്കുന്നതിനു പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല.<br>മുൻ കാലങ്ങളിൽ ഖനനം ചെയ്തയിടങ്ങളിൽ ഖനനത്തിനു ശേഷമുള്ള വ്യവസ്ഥകൾ നടപ്പിലാക്കി യഥാസമയം കൃഷിയോഗ്യമാക്കാതിരുന്നിട്ടുള്ളതുമൂലം പല സ്ഥലങ്ങളിലും 20 അടിയും അതിലധികവും ആഴമുള്ള കുഴികളാണ് നിലവിലുള്ളത്. നിലവിലെ സാഹചര്യത്തിൽ, കേരള നെൽ വയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിലെ വ്യവസ്ഥകൾ പാലിച്ച കൊണ്ട് മാത്രമേ ഈ കുഴികൾ നികത്തി കൃഷിയോഗ്യമാക്കാൻ സാധിക്കുകയുള്ളൂ. നെൽകൃഷിയിറക്കാൻ സാധ്യമായ സ്ഥലങ്ങളിൽ ആയതിനുള്ള നടപടികൾ അതാത് പ്രാദേശികതല നിരീക്ഷണ സമിതി തലത്തിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ